**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3063

20/12/2012 - ൽ മറുപടിക്ക്

## ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഹോട്ടലുകളിലെ സൗകര്യവും നിലവാരവും അനുസരിച്ച് തരം തിരിക്കുന്നതും വില ഏകീകരിക്കുന്നതും പരിഗണനയിലുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വിവിധ ഹോട്ടലുകളിൽ ഒരേ ഭക്ഷണ സാധനങ്ങൾക്ക് ഹോട്ടലുടമകൾ ഇഷ്ടാനുസരണം വില വർദ്ധിപ്പിക്കുന്നത് തടയുന്നതിന് സാധിക്കുന്നു. |
| (സി) ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നത് കേന്ദ്രീകൃതമാക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) യും (ഡി) യും ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) ഇതിനായി നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | |

സെക്ഷൻ ഓഫീസർ